"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കല്ലുവയൽ ജയശ്രീ ഹയർസെക്കൻഡറി സ്കൂളിലെ എഫ്.ടി.എം ശ്രീ.ജയദീഷ് എ.കെ.യുടെ നിയമനാംഗീകാരം - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3151/2026/GEDN തീയതി,തിരുവനന്തപുരം, 08-05-2026

---

പരാമർശം:- 1. മാനേജരുടെ 19.08.2025 തീയതിയിലെ റിവിഷൻ ഹർജി

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14.09.2025, 04.11.2025 തീയതികളിലെ ഡിജിഇ/18378/2025-ഇഎം5 നമ്പർ റിപ്പോർട്ടുകൾ

**ഉത്തരവ്**

കല്ലുവയൽ ജയശ്രീ ഹയർസെക്കൻഡറി സ്കൂളിലെ എഫ്.ടി.എം ശ്രീ.ജയദീഷ് എ.കെ.യുടെ നിയമനാംഗീകാരം സംബന്ധിച്ച് പ്രസ്തുത സ്കൂൾ മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുണ്ട്.

2. കല്ലുവയൽ ജയശ്രീ ഹയർസെക്കൻഡറി സ്കൂളിലെ എഫ്.ടി.എം ശ്രീമതി മിനു എ.യു.വിനെ 15/07/2021 മുതൽ യു.പി.എസ്.ടി ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീ.ജയദീഷ് എ.കെ.യെ എഫ്.ടി.എം ആയി മാനേജർ നിയമിച്ചു. ശ്രീമതി മിനുവിന്റെ സ്ഥാനക്കയറ്റത്തിന് അംഗീകാരമായിട്ടില്ലാത്തതിനാൽ ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ല എന്ന കാരണം ചൂണ്ടിക്കാട്ടി ടി നിയമന അപ്പീൽ നിരസിച്ചിരുന്നു. 2005 മാർച്ചിൽ ബിരുദം യോഗ്യത നേടിയ ശ്രീമതി മിനു എ.യു.ന് എഫ്.ടി.എം തസ്തികയിൽ നിയമിക്കാനാവില്ല. എന്നാൽ 15/07/2017 മുതലുള്ള ടിയാളുടെ എഫ്.ടി.എം നിയമനം അംഗീകരിക്കപ്പെട്ടിരുന്നു. ആയത് നിയമ വിരുദ്ധമായതിനാൽ ടിയാളുടെ 15/07/2017 മുതലുള്ള എഫ്.ടി.എം നിയമനം റദ്ദ് ചെയ്യുകയുണ്ടായി. മേൽ സാഹചര്യത്തിൽ ശ്രീ. ജയദീഷ് എ.കെയ്ക്ക് 15/07/2021 മുതൽ നിലനിൽക്കാൻ എഫ്.ടി.എം തസ്തിക വ്യവസ്ഥാപിതമാണ്. ആയതിനാൽ ശ്രീ.ജയദീഷ് എ.കെ.യുടെ 15/07/2021 മുതലുള്ള എഫ്.ടി.എം നിയമനം

പരിഗണനാർ ഹമാണ്. വയനാട് ജില്ലയിലെ കല്ലുവയൽ ജയശ്രീ ഹൈസ്കൂളിൽ ഹൈസ്കൂൾ വിഭാഗം 1979-നു ശേഷം അപ്ഗ്രേഡ് ചെയ്യപ്പെട്ടതാണ്. ആയതിനാൽ കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(5) പ്രകാരം ഒരു സംരക്ഷിതാധ്യാപകൻ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ നിയമനം അംഗീകരിക്കാൻ കഴിയുകയുള്ളൂ. ടി സ്കൂളിൽ കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(3)(a) പ്രകാരം ഒരു ഹിന്ദി എച്ച്.എസ്.ടി തസ്തിക മാനേജർ സംരക്ഷിത അധ്യാപകർക്കായി മാറ്റി വയ്ക്കുകയും ടി തസ്തികയിൽ 23/12/2021ന് ചിങ്ങപുരം സി.കെ.ജി.എം.എച്ച്.എസ്.ലെ ശ്രീമതി ഷിജി എം. ജോലിയിൽ പ്രവേശിക്കുകയും 16/08/2023 ൽ വയനാട് വിദ്യാഭ്യാസ ഉപഡയറക്ടർ ടിയാളെ മാതൃ ജില്ലയിലേക്ക് വിടുതൽ ചെയ്ത് ഉത്തരവാകുകയും ചെയ്തു. നിലവിൽ സംരക്ഷിത അദ്ധ്യാപകൻ ആരും തന്നെ ടി തസ്തികയിൽ ജോലി ചെയ്യുന്നില്ല. കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(5) ലെ വ്യവസ്ഥയ്ക്ക് ഇളവ് നൽകിക്കൊണ്ട് 7(2), 7(3)(a) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ട തസ്തികകളിലെ ഒഴിവുകളിൽ മാനേജർമാർ നിയമനം നടത്താതെ നിയമാനുസൃതം അവ സംരക്ഷിതാധ്യാപകരുടെ നിയമനത്തിനായി മാറ്റിവച്ചുകൊണ്ട് അക്കാര്യം വിദ്യാഭ്യാസ ഓഫീസറെ അറിയിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത സ്കൂളിൽ സംരക്ഷിത അധ്യാപകരെ നിയമിക്കാത്തതിനാൽ അംഗീകാരം തടസ്സപ്പെട്ടിരിക്കുന്ന മറ്റു നിയമനങ്ങൾക്ക് നിയമനതീയതി മുതൽ അംഗീകാരം നൽകുന്നതിന് 18/07/2023 G.O (M.s) No.101/2023/GEDN പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഇവിടെ മാനേജർ 02/06/2020 തീയതിയിൽ തന്നെ ഒഴിവ് മാറ്റി വച്ചിട്ടുണ്ട്. ആയതിനാൽ കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(5) പ്രകാരം ഒരു സംരക്ഷിതാധ്യാപകൻ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ നിയമനം അംഗീകരിക്കാൻ കഴിയുകയുള്ളൂ എന്ന തടസ്സം ഒഴിവാക്കാവുന്നതാണ്. ശ്രീമതി മിനു എ.യു. എഫ്.ടി.എം തസ്തികയിൽ 15/07/2017 മുതൽ 15/07/2021 വരെ ജോലി ചെയ്തിട്ടുണ്ട്. ശ്രീമതി മിനു എ.യു.വിന്റെ 15/07/2017 മുതലുള്ള എഫ്.ടി.എം നിയമനം 06/07/2025 ഉത്തരവ് നമ്പർ ഇഎം5/10418/2025/ഡി.ജി.ഇ പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ. ജയദീഷ് എ.കെ.യ്ക്ക് 15/07/2021 മുതൽ നിലനിൽക്കാൻ എഫ്.ടി.എം തസ്തിക വ്യവസ്ഥാപിതമാണ്. ആയതിനാൽ ശ്രീ.ജയദീഷ് എ.കെ.യുടെ 15/07/2021 മുതലുള്ള എഫ് ടി എം നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകുവാൻ വയനാട് ജില്ലാ

വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്രകാരം മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിന്ദു ആർ

ജോയിന്റ് സെക്രട്ടറി

മാനേജർ, ജയശ്രീ ഹയർസെക്കൻഡറി സ്കൂൾ, കല്ലുവയൽ, പുൽപ്പള്ളി, വയനാട്- 673 579

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വയനാട്

വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 08-05-2026 15:03:32

സെക്ഷൻ ഓഫീസർ

പകർപ്പ്:

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.